DESPATCHED
On....10/03/22

5/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2712(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **16567**/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രവീന്ദ്രൻ നായർ,
മേനാംചേരിൽ വീട്, കായിപ്പുറം,
മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   വില്ലേജ് ഓഫീസർ,
   തണ്ണീർമുക്കം തെക്ക്.

2. അപ്പീൽ അധികാരി&
   തഹസിൽദാർ,
   താലൂക്ക് ഓഫീസ്,
   ചേർത്തല.

} എതിർകക്ഷികൾ

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി.രവീന്ദ്രൻ നായർ, 23.10.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 25.10.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2712(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തവും പൂർണ്ണവുമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.12.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ബ്ലോക്ക് നം.34ൽ 4233 നമ്പർ തണ്ടപ്പേരിൽ റീസർവ്വെ 171/15-2ൽപ്പെട്ട 02.25 ആർസ് വസ്തു 11.08.2005ലെ 318/05 നമ്പർ പോക്കുവരവ് തീർച്ചപ്രകാരം പോക്കുവരവ് ചെയ്ത് 10986-ാം നമ്പർ തണ്ടപ്പേരിൽ ചേർത്തിരിക്കുന്നുവെന്നും ഈ പോക്കുവരവിന് ആസ്പദമായ എ ഫോറം അനുബന്ധരേഖയായി ചേർത്തിട്ടുള്ള പ്രമാണങ്ങൾ എന്നിവയുടെ പകർപ്പുകൾ നൽകണമെന്നും

2) 4233-ാം തണ്ടപ്പേരിൽ റീസർവ്വെ 171/15-2ൽപ്പെട്ട 02.25 ആർസ് വസ്തു നാരായണി മകൾ സുധർമ്മയുടെ പേരിൽ നിന്നും മേനാഞ്ചേരിൽ രങ്കനാഥൻ മകൻ ആർ.രഞ്ജിത്തിന്റെ പേരിലേയ്ക്ക് മാറ്റിയത് എത്രാം നമ്പർ പോക്കുവരവ് തീർച്ചപ്രകാരമാണെന്നും, തീയതി, ആയതിന് ആധാരമായ പ്രമാണങ്ങളുടെ നമ്പർ, തീയതി, പകർപ്പ് എന്നിവ നൽകണമെന്നും തുടങ്ങി ചില വിവരങ്ങളാണ്.

ആയതിന് 13.01.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ബ്ലോക്ക് നമ്പർ 34ൽ 10986-ാം നമ്പർ തണ്ടപ്പേരിൽ വസ്തു രേഖപ്പെടുത്തിയിട്ടുള്ളത് 11.08.2005ലെ 318/2005-ാം നമ്പർ പോക്കുവരവ് ഉത്തരവു പ്രകാരമാണെന്നും 2005 മുതലുള്ള ആഫീസ് രേഖകൾ പരിശോധിച്ചുവരികയാണെന്നും ഓഫീസിലെ ക്രമാതീതമായ തെരക്കുകൾ കാരണം ടി രേഖകൾ പൂർണ്ണമായി പരിശോധിക്കുവാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ ഓഫീസ് രേഖകൾ പരിശോധിക്കുവാൻ 15 ദിവസത്തെ സാവകാശം ആവശ്യമാണെന്നും ടി സമയത്തിനുള്ളിൽ രേഖകൾ പൂർണ്ണമായി പരിശോധിച്ച് വ്യക്തമായ മറുപടി നൽകുന്നതാണെന്നും അറിയിക്കുകയും S.A(Survey Adalath) 1116/96 dated 17.7.1996ലെ ഉത്തരവു പ്രകാരമാണ് 4233-ാം നമ്പർ തണ്ടപ്പേരിൽ സുധർമ്മയുടെ പേരിൽ 2.25 ആർസും രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ടി 4233-ാം തണ്ടപ്പേരിൽ നാളത് വസ്തു ഇല്ലാത്തതാണെന്നും ടി S.A.1116/96 നമ്പർ ഉത്തരവ് പ്രകാരമുള്ള ഫയലുകൾ ടി ഓഫീസിൽ ലഭ്യമല്ലെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഉചിതമായ മറുപടി നൽകിയില്ലെന്നും ആവശ്യപ്പെട്ട രേഖകൾ നൽകിയില്ലെന്നുമാണ് ടിയാന്റെ പരാതി. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. കൂടാതെ ഹർജിക്കാരന് രേഖകൾ പരിശോധിക്കുവാനുള്ള അവസരം നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 05.02.2022ന് കമ്മീഷനു ലഭിച്ച കത്തിൽ രേഖകൾ പരിശോധിക്കുന്നത് ഹർജിക്കാരന് അവസരം നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി ബോധിപ്പിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Gc/